**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1871** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണ മേഖലയിൽ ഫാമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമീണ മേഖലയിൽ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുകിട ഫാമുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ഗ്രാമീണ മേഖലയിൽ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുകിട ഫാമുകൾ പ്രോത്സാഹിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് സംരംഭങ്ങൾ തുടങ്ങുന്നതിനു ആവശ്യമായ എല്ലാ സാങ്കേതിക സഹായവും ചെയ്തുവരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തു ജനിക്കുന്ന പശുകുട്ടികളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് തീറ്റയ്ക്ക് സബ്സിഡിയായി കർഷകന് 12500/- രൂപ നൽകുന്ന കന്നുകുട്ടി പരിപാലന പദ്ധതി, പോത്തുകുട്ടി വളർത്തൽ പദ്ധതി മുഖേന മാംസാവശ്യത്തിലേയ്ക്കായി പോത്തുകുട്ടി- കളെവളർത്തുന്നതിന് കർഷകർക്കു 10000/- രൂപയുടെ സബ്സിഡി നൽകുന്ന പദ്ധതി, ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനു ഗുണഭോക്താവിന്5 പെണ്ണാടും ഒരു മുട്ടനാടും വളർത്തുന്നതിനു 25000/- രൂപ ധനസഹായം നൽകുന്ന പദ്ധതി, വ്യാവസായികാടിസ്ഥാനത്തിൽ ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനു 50 സെന്റ്കൈവശമുള്ള ഗുണഭോക്താവിന്19 പെണ്ണാടും ഒരു മുട്ടനാടും വളർത്തുന്നതിനു 100000/- രൂപ ധനസഹായം നൽകുന്ന പദ്ധതി എന്നിവ ഗ്രാമീണ മേഖലയിൽ ചെറുകിട ഫാമുകൾ പ്രോത്സാഹിപ്പിക്കുന്നതു വഴി തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്. മൃഗസംരക്ഷണ വകുപ്പിന്റെ കോഴിവളർത്തൽ ഫാമുകളിൽ നിന്നും ഒരു ദിവസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ വകുപ്പിന്റെ അംഗീകാരത്തോടു കൂടി പ്രവർത്തിക്കുന്ന എഗ്ഗർ നഴ്സറികൾക്ക് നൽകി 45 മുതൽ 60 ദിവസം വരെ പ്രായമാകുമ്പോൾ വിവിധ പദ്ധതികൾ മുഖേന ജനങ്ങൾക്ക് നൽകുന്നത് വഴിയും, ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള കേരള ചിക്കൻ പദ്ധതി പ്രകാരം ആരംഭിക്കുന്ന 2500 ബ്രോയിലർ ഫാമുകൾ വഴിയും ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതാണ്. |
| (ബി) | പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ; | (ബി) | പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു. 1) പ്രത്യേക കന്നുകുട്ടി പദ്ധതി --------------------------- മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക കന്നുകുട്ടി പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ലക്ഷ്യം കന്നുകുട്ടിക- ളുടെ ശാസ്ത്രീയ പരിപാലനം ആണ് അതിനു വേണ്ടി സബ്സിഡി നിരക്കിൽ കന്നുകാലികളുടെ പ്രസവം വരെ തീറ്റയും, ഇൻഷ്വറൻസ് പരിരക്ഷയും വെറ്ററിനറി സേവനവും നൽകി വരുന്നു. ഇതിലേയ്ക്കായി 12,500/-രൂപ ഒരു കന്നുകുട്ടിയ്ക്ക് സബ്സിഡി നൽകി വരുന്നു. 2) പോത്തുകുട്ടി വളർത്തൽ പദ്ധതി -------------------- ---------------- മാംസാവശ്യത്തിലേയ്ക്കായി പോത്തുകുട്ടികളെ വളർത്തി വിൽക്കുന്നതിനായി 10000/- രൂപയുടെ സബ്സിഡി ഗുണഭോക്താവിന് നൽകുന്നു. കാള/പോത്തുകുട്ടി പദ്ധതിയ്ക്കായി 2021-22 സാമ്പത്തീക വർഷത്തിൽ 2.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 3) ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് പദ്ധതി: ---------------------- ------------------- ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനു ഗുണഭോക്താവിന് 5 പെണ്ണാടും ഒരു മുട്ടനാടും വളർത്തുന്നതിനു 25000/- രൂപ ധനസഹായം നൽകുന്നു. 4) വ്യാവസായികാടിസ്ഥാനത്തിൽ ആടുവളർത്തൽ പദ്ധതി: ------------------------------------------------------------- വ്യാവസായികാടിസ്ഥാനത്തിൽ ആടുവളർത്തൽ പ്രോത്സാഹി പ്പിക്കുന്നതിനു 50 സെന്റ് കൈവശമുള്ള ഗുണഭോക്താവിന് 100000/- രൂപ ധനസഹായം നൽകുന്നു. 5) മുട്ടക്കോഴി പരിപാലന പദ്ധതി ------------------------------------ കോഴിമുട്ടയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് വകുപ്പിന്റെ കോഴിവളർത്തൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് മൃഗസംരക്ഷണ വകുപ്പിന്റെ കോഴിവളർത്തൽ ഫാമുകളിൽ വളർത്തുന്ന ഒരു ദിവസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ വകുപ്പിന്റെ അംഗീകാരത്തോടു കൂടി പ്രവർത്തിക്കുന്ന എഗ്ഗർ നഴ്സറികൾക്ക് നൽകി 45 മുതൽ 60 ദിവസം വരെ പ്രായമാകുമ്പോൾ പ്രതിരോധ കുത്തിവയ്പ്പുകൾ നൽകി വകുപ്പിന്റെ പദ്ധതികൾ വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ വഴിയും സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകി ആവശ്യമായ ഇടപെടലുകൾ നടത്തി വരികയാണ് . ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കേരള പൗൾട്രി വികസന കോർപറേഷൻ, കുടുംബശ്രീ, meat products of India, Brahmagiri Development Soceity മൃഗസംരക്ഷണ വകുപ്പ് എന്നീ സ്ഥാപനങ്ങളെ സംയോജിപ്പിച്ചുകൊണ്ട് ചെറുകിട ബ്രോയ്‌ലർ ഫാം നടത്തുന്ന കർഷകരെ ഉൾപ്പെടുത്തി ഗുണനിലവാരമുള്ള കോഴിയിറച്ചി പൊതുജനങ്ങൾക്ക് നൽകുവാനുള്ള ഉദ്ദേശ്യത്തോടുകൂടി കേരളചിക്കൻ പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നു . |

| | | | |
|---|---|---|---|
| (സി) | ക്ഷീര കർഷകർക്ക് മെഡിക്കൽ ഇൻഷുറൻസ് ഏർപ്പെടുത്തുമോയെന്ന് വിശദമാക്കാമോ; | (സി) | മൃഗസംരക്ഷണ വകുപ്പിന്റെ ഗോസമൃദ്ധി ഇൻഷുറൻസ് പദ്ധതി പ്രകാരം ഉരുവിന്റെ ഉടമയായ കർഷകന് 50/- രൂപ, 150/- രൂപ പ്രീമിയം നിരക്കിൽ ഒരു വർഷ മൂന്നു വർഷ കാലയളവുകളിലേക്കു 5 ലക്ഷം രൂപയുടെ അപകടമരണ ഇൻഷുറൻസ് പരിരക്ഷ നൽകി വരുന്നു. ക്ഷീരസാന്ത്വനം - സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രകാരം ക്ഷീരകർഷകർ, കുടുംബാംഗങ്ങൾ അവർ വളർത്തുന്ന കന്നുകാലികൾ എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പാക്കിവരുന്നു. |
| (ഡി) | ഗുണനിലവാരമുള്ള മാംസാഹാരം ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (ഡി) | സർക്കാർ പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ ശാസ്ത്രീയമായി ഉരുക്കളെ അറവുചെയ്ത് ഗുണനിലവാര മുള്ള മാംസവും സോസേജ്, കട്ട് ലെറ്റുകൾ തുടങ്ങിയ വാല്യൂ ആഡഡ് പ്രോഡക്ട്സും സംസ്ഥാനത്തിന്റെ നാനാ ഭാഗങ്ങളിൽ എത്തിക്കുന്നു. കൂടാതെ ശാസ്ത്രീയമായ രീതിയിൽ അറവുശാലകൾ തുടങ്ങുന്നതിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെക്നിക്കൽ അഡ്വൈസ് കൂടി വകുപ്പ് നൽകുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിനെ നോഡൽ ഏജൻസിയാക്കിക്കൊണ്ടു KEPCO, എം.പി. ഐ, കുടുംബശ്രീ , BDS എന്നീ ഏജൻസികളെ ഒരുമിപ്പിച്ചുകൊണ്ടു ഇറച്ചിക്കോഴി ഉത്പാദനത്തിനും വിപണനത്തിനും വേണ്ടി കേരള സർക്കാർ കേരളചിക്കൻ പദ്ധതിക്ക് വിഭാവനം ചെയ്തിട്ടുണ്ട് . |
| (ഇ) | ഈ മേഖലയിൽ നിക്ഷേപം ആകർഷിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ? | (ഇ) | നിക്ഷേപം ആകർഷിക്കുന്നതിലേയ്ക്കായി മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മീറ്റുകൾ മുൻ വർഷങ്ങളിൽ നടത്തിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററുകൾ മുഖേന മേഖലയിലെ എല്ലാ സംരംഭങ്ങൾക്കും ആവശ്യമായ ശാസ്ത്രീയമായ ട്രെയിനിങ്ങുകളും ശില്പശാലകളും സംഘടിപ്പിച്ചു വരുന്നു. നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്നതിനു കർഷക അവാർഡുകളും വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ